പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 661 | 27.04.2017-ന് മറുപടിയ്ക്ക്

# ദിശ - 2017 പദ്ധതി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. സി. ദിവാകരൻ | | ശ്രീ. എ.കെ. ബാലൻ<br>(പട്ടികജാതി - പട്ടികവർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ മന്ത്രി) |
| (എ) കെ.എസ്.ബി.സി.ഡി.സി. വഴി നടപ്പിലാക്കുന്ന ദിശ 2017 പദ്ധതിയുടെ വിശദാംശം നൽകുമോ ;<br><br>(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യവും, പദ്ധതിയിൽ ഉൾപ്പെടുന്നതിനുള്ള മാനദണ്ഡവും വ്യക്തമാക്കുമോ ; | (എ) & (ബി) | കേരള സംസ്ഥാന പിന്നോക്ക വിഭാഗ കോർപ്പറേഷൻ അഭ്യസ്തവിദ്യരായ യുവജനങ്ങൾക്ക് സംരംഭകത്വ പരിശീലനവും സ്വയം തൊഴിൽ വായ്പയും നൽകുന്നതിന് വേണ്ടി ആവിഷ്കരിച്ച പരിപാടിയാണ് ദിശ 2017. സംരംഭകത്വത്തിലേയ്ക്ക് പ്രവേശിക്കാൻ ആഗ്രഹിക്കുന്നവർക്ക് ഓൺലൈൻ വഴി രജിസ്റ്റർ ചെയ്ത് പ്രസ്തുത പദ്ധതിയിൽ പങ്കെടുക്കാവുന്നതാണ്. മെഡിക്കൽ ക്ലിനിക്ക്, വെറ്ററിനറി ക്ലിനിക്ക്, ഫിറ്റ്നസ് സെന്റർ, മെഡിക്കൽ ലബോറട്ടറി, സിവിൽ എഞ്ചിനീയറിംഗ് കൺസൾട്ടൻസി, ബ്യൂട്ടി പാർലർ, എഞ്ചിനീയറിംഗ് വർക്ക്ഷോപ്പ്, കമ്പ്യൂട്ടർ ട്രെയിനിംഗ് സെന്റർ, സോഫ്റ്റ് വെയർ കൺസൾട്ടൻസി, ഫാം നഴ്സറി, ഡയറി ഫാം, ഗോട്ട് ഫാം, ഡിജിറ്റൽ സ്റ്റുഡിയോ, വീഡിയോ പ്രൊഡക്ഷൻ യൂണിറ്റ്, എഡിറ്റിംഗ് സ്റ്റുഡിയോ, ഓട്ടോ മൊബൈൽ വർക്ക്ഷോപ്പ്, റെഡിമെയ്ഡ് ഗാർമെന്റ്സ് യൂണിറ്റ്, ഫുഡ് പ്രോസസ്സിംഗ്, മിനി ടൂറിസം യൂണിറ്റുകൾ, ബേക്കറി, റസ്റ്റോറന്റുകൾ, ടാക്സി / പിക്കപ്പ് വാഹനങ്ങൾ തുടങ്ങി വൈവിധ്യമാർന്ന ഒട്ടേറെ സംരംഭങ്ങൾ ആരംഭിക്കുന്നതിന് വേണ്ടിയുള്ള രജിസ്ട്രേഷൻ ഈ പദ്ധതി പ്രകാരം ലഭ്യമായിട്ടുണ്ട്. ഇത്തരത്തിൽ |

(....2)

രജിസ്റ്റർ ചെയ്ത 5200 -ഓളം നവസംരംഭകർക്ക് വേണ്ടിയാണ് ദിശ 2017 സംഘടിപ്പിച്ചത്. 14 ജില്ലകളിലും 2017 ഫെബ്രുവരി മാസം 16 -ാം തീയതിയാണ് സെമിനാർ സംഘടിപ്പിച്ചത്. ഇതിന്റെ സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരത്ത് നടന്നു. ദിശ 2017 രണ്ടാം ഘട്ട ഓൺലൈൻ രജിസ്ട്രേഷൻ 2017 മാർച്ച് 1 ന് ആരംഭിച്ച് ഏപ്രിൽ 15 -ന് പൂർത്തീകരിച്ചു. ഈ ഘട്ടത്തിൽ രജിസ്റ്റർ ചെയ്യുന്നവർക്കുള്ള സെമിനാർ മെയ് ആദ്യ വാരം സംഘടിപ്പിക്കുന്നതാണ്. ആദ്യ ഘട്ട സെമിനാറിൽ പങ്കെടുത്തവർക്ക് വായ്പ അനുവദിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

| | |
|---|---|
| (സി) പദ്ധതിയിലേക്ക് അപേക്ഷ സമർപ്പിക്കുന്നതിനുള്ള നടപടിക്രമങ്ങൾ വ്യക്തമാക്കുമോ ? | (സി) പദ്ധതിയിലേക്ക് തെരഞ്ഞെടുക്കുന്നതിനു വേണ്ടി കോർപ്പറേഷന്റെ വെബ്സൈറ്റ് ആയ www.ksbcdc.com -ൽ പ്രവേശിച്ച് സ്വയം തൊഴിൽ വായ്പയ്ക്കുള്ള ഓൺലൈൻ രജിസ്ട്രേഷൻ നടപടി പൂർത്തീകരിക്കേണ്ടതാണ്. |

**സെക്ഷൻ ഓഫീസർ**